# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **04.02.2014 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 4368**

## അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. പി.കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 അൺ എയ്ഡഡ് സ്ക്കൂളുകൾക്കും 474 സി.ബി.എസ്.സി./ഐ.സി.എസ്.സി സ്കൂളുകൾക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്.<br>1) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ പഞ്ചായത്ത് യു.പി. സ്ക്കൂളിൽ പ്രവർത്തിച്ചുവരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് എൽ.പി. വിഭാഗത്തിന് കോട്ടൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയും ആദിവാസികളുടെ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് 25.07.12 - ലെ സ.ഉ.(കൈ)242/12/പൊവി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br>2) കൊല്ലം ജില്ലയിലെ തേവലക്കര തെക്കൻ ഗുരുവായൂർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന് 1949/2009 നമ്പർ റിട്ട് അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 18.01.2012-ൽ പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 14.8.12- ലെ സ.ഉ. (സാധാ.) 3940/ 2012/പൊ.വി.വ. നം. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br>3) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബഥനി ഇംഗ്ലീഷ് മീഡിയം യു.പി. സ്ക്കൂളിന് ബഹുമാനപ്പെട്ട |

ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 18.08.10 ലെ W.A. No. 896/10 കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 09.06.2011 - ലെ സ.ഉ. (സാധാ.) 2181/11/പൊ.വി. നമ്പർ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

4) മലപ്പുറം ജില്ലയിലെ എം.വി.എം. റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂളിലെ എൽ.പി., എച്ച്.എസ് വിഭാഗങ്ങൾക്ക് അംഗീകാരമുള്ളതിനാൽ പ്രസ്തുത സ്ക്കൂളിലെ യു.പി. വിഭാഗത്തിന് 21.5.2012 - ലെ സ.ഉ. (സാധാ.)2341/12/പൊ.വി. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. സി.ബി.എസ്.സി./ ഐ.സിഎസ്.സി. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(ബി) ഇതിൽ എത്ര സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

(ബി) 474 സി.ബി.എസ്.ഇ. / ഐ.സി. എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്.;

(സി) അംഗീകാരം നൽകപ്പെട്ട എല്ലാ സ്കൂളുകളുടെ കാര്യത്തിലും പ്രസ്തുത മാനദണ്ഡം പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) & (ഡി) അഞ്ചു വർഷമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അൺ എയ്ഡഡ് സി.ബി.എസ്.സി./ഐ.സി.എസ്.സി സ്കൂളുകൾക്ക് നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് മാനദണ്ഡങ്ങളിൽ ഇളവ് നൽകിയിട്ടില്ല. കോടതി വിധിയുടെയും പ്രദേശങ്ങളുടെ പിന്നാക്കവസ്ഥയും മുൻ നിർത്തിയാണ് നാലു സ്കൂളുകൾക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് അനുസൃതമായി അംഗീകാരം നൽകിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഇ) | മാനദണ്ഡങ്ങളിൽ ഇളവ് നൽകാൻ വ്യവസ്ഥയുണ്ടോ; ഇളവ് നൽകാനുള്ള കാരണം വ്യക്തമാക്കാമോ? | (ഇ) | 10.06.2013 - ലെ സ.ഉ. (എം.എസ്) 184/2013/പൊ.വി.വ. പ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ